ശ്രീ. യു. എ. ബീരാൻ : വിദേശങ്ങളിൽ നിന്ന് പഞ്ചസാര ഇറക്കുമതി ചെയ്യുന്നത് ഇൻഡ്യാഗവൺമെൻറാണ്. എസ്.ടി.സി. ഇറക്കുമതി ചെയ്തിട്ട് ഇൻഡ്യാഗവൺമെൻറ് നമുക്ക് അലോട്ടു ചെയ്യുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : മായം ചേർത്ത മധുരം കുറഞ്ഞ പഞ്ചസാര യാണ് കേരളത്തിൽ വിതരണം. ചെയ്യുന്നത് എന്ന സത്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ നല്ല മധുരമുള്ള പഞ്ചസാര വിതരണം ചെയ്യുമോ ?

ശ്രീ. യു. എ. ബീരാൻ : മായം ചേർക്കാത്ത നല്ല മധുരമുള്ള പഞ്ചസാരയാണ് വിതരണം ചെയ്യുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കഴിഞ്ഞ പാർലമെൻറു ഫണ്ടിലേക്ക് പഞ്ചസാര ഫാക്ടറി ഉടമകളിൽ നിന്ന് കോടിക്കണക്കിന് രൂപ വാങ്ങിയിട്ടുള്ളതു കൊണ്ടാണ് കേന്ദ്ര സർക്കാർ പഞ്ചസാരയ്ക്ക് വില വർദ്ധിപ്പിച്ചിട്ടുള്ളത് എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ : അത് പാർലമെൻറിൽ മെമ്പർമാർ ചോദിക്കേണ്ട ചോദ്യമാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

നെൽകൃഷിക്കു നൽകിയ സബ്സിഡി

* 290. [348] ശ്രീ. എം. ജിനദേവൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. സി. കെ. തങ്കപ്പൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിക്ക് 1983-84, 1984-85-ൽ സബ്സിഡിയിനത്തിൽ എന്തു തുക നൽകി ;

(ബി) ഏതെല്ലാം പ്രദേശത്തെ കൃഷിക്കാർക്കാണ് നെൽകൃഷി സബ്സിഡി നൽകുന്നത് ;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് സബ്സിഡി നൽകിവരുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) പല ഇനത്തിലായി 1983-84-ൽ 4.69 കോടി രൂപയും 1984-85 ൽ 6.45 കോടി രൂപയും നൽകിയിട്ടുണ്ട്.

(ബി) പമ്പിംഗ് സബ്സിഡിയും, വളം സബ്സിഡിയും കുട്ടനാട്ടിലെ കർഷകർക്കും തൃശ്ശൂർ, പൊന്നാനി കോൾ കർഷകർക്കും മാത്രമാണ് നൽകുന്നത്. വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള മറ്റ് സബ്സിഡികളും കേരളത്തിലെ എല്ലാ ജില്ലകളിലെ കൃഷിക്കാർക്കും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. സൗജന്യനിരക്കിൽ അത്യുൽപാദനശേഷിയുള്ള വിത്തു വിതരണം.
2. പൊതു ഞാറടി ഉണ്ടാക്കൽ.
3. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ സഹായം.
4. പമ്പിംഗ് സബ്സിഡി.
5. കീടനാശിനി വിതരണം.
6. സൗജന്യനിരക്കിൽ സ്പ്രെയർ വിതരണം.
7. വിള ഇൻഷ്വറൻസ് പദ്ധതി.
8. വളം സബ്സിഡി.

ഇതിനും പുറമെ കുറഞ്ഞപലിശക്ക് ഹ്രസ്വകാല വായ്പയും, വിത്തു കരുതൽ ശേഖരണത്തിൽനിന്നും കുറഞ്ഞ വിലയ്ക്ക് വിത്തും നൽകി വരുന്നുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭനഷ്ട കണക്കുകൾ

* 291. [349] ശ്രീ. കെ. കെ. തോമസ് :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, തെന്നല ജി. ബാലകൃഷ്ണ പിള്ള :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ രൂപീകരിച്ചതുമുതൽ 1985 മാർച്ച് 31 വരെയുള്ള ലാഭനഷ്ട കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്രസ്തുത കോർപ്പറേഷന് സബ്സിഡി നൽകിവരുന്നുണ്ടോ ;

(സി) കോർപ്പറേഷന്റെ കീഴിൽ എത്ര ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട് ; ഈ ഡിപ്പോകളിലുള്ള ഉപഭോക്തൃ സാധനങ്ങളിൽ പലതും അശ്രദ്ധമൂലം നശിച്ചുപോകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ)

(എ) 1980-81 വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† 1981-82 മുതൽ ഉള്ള കണക്കുകൾ ആഡിറ്റ് ചെയ്തു ലാഭമോ നഷ്ടമോ എന്ന് തിട്ടപ്പെടുത്തുന്നതേയുള്ളു.

(ബി) ഉണ്ട്.

(സി) ഇപ്പോൾ 63 ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഡിപ്പോകളിൽ ഉള്ള ഉപഭോക്തൃ സാധനങ്ങൾ ഏതെങ്കിലും അശ്രദ്ധമൂലം നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly